കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നെൻമാറ ഗ്രാമപഞ്ചായത്ത് - ശാന്തിഗൃഹം ഗ്യാസ് ക്രിമറ്റോറിയം - തുക സിഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തുന്നതിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.545/13/തസ്വഭവ          തിരുവനന്തപുരം, തീയതി: 04.03.2013.

---

പരാമർശം: 1. നെൻമാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2012-ലെ എ 1/5353/11 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 18.09.2012-ലെ ജെ.3-8682/12 നമ്പർ കത്ത്.
3. നെൻമാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.02.2013-ലെ എ 1/5353/11 നമ്പർ കത്ത്.

## ഉത്തരവ്

നെൻമാറ ഗ്രാമപഞ്ചായത്ത് വക്കാവ് കോട്ടേക്കുന്ന് ശ്മശാനത്തിൽ ശാന്തിഗൃഹം ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് 2012-2013 വർഷത്തെ **BRGF** ഫണ്ടിൽ നിന്ന് 20 (ഇരുപത്) ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ **BRGF** ഫണ്ടിൽ നിന്നും 7 (ഏഴ്) ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2011-12 വർഷത്തിൽ അനുവദിച്ച ശ്മശാന പുനരുദ്ധാരണ ഫണ്ട് 10 (പത്ത്) ലക്ഷം രൂപയും നെൻമാറ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്ന് 2 (രണ്ട്) ലക്ഷം രൂപയും ഉൾപ്പെടെ ആകെ 39 (മുപ്പത്തി ഒമ്പത്)ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ടി തുക സിഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ അനുമതി നൽകണമെന്നും നെൻമാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം ഒന്ന് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു. തുടർന്ന് നിലവിലുള്ള പി.ഡബ്ള്യൂ.ഡി ഷെഡ്യൂൾ നിരക്ക് വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ പഴയ പ്രോജക്ട് ക്യാൻസൽ ചെയ്ത് 2012-13 വർഷത്തിൽ **SO** -122/13 ആയി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 2012-13 വർഷത്തെ **BRGF** ഫണ്ടിൽ നിന്ന് 20 (ഇരുപത്) ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ **BRGF** ഫണ്ടിൽ നിന്ന് 7 (ഏഴ്) ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2011-12 വർഷത്തിൽ അനുവദിച്ച ശ്മശാന പുനരുദ്ധാരണ ഫണ്ട് 10 (പത്ത്) ലക്ഷം രൂപയും നെൻമാറ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ധനകാര്യ

(. . . .2)

കമ്മീഷൻ വിഹിതത്തിൽ നിന്ന് 8 (എട്ട്) ലക്ഷം രൂപയും ഉൾപ്പെടെ 45,00,000/- (നാൽപ്പത്തഞ്ച് ലക്ഷം) രൂപയുടെ പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചുവെന്നും ടി തുക സിഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെന്മാറ ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തിലെ പ്രോജക്ട് നമ്പർ **SO**122/13-ൽ ശാന്തിഗൃഹം ആധുനിക മൃതദേഹ സംസ്കരണ യൂണിറ്റ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 45,00,000/- (നാൽപ്പത്തിയഞ്ച് ലക്ഷം) രൂപ സിഡ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സിഡ്കോ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, നെന്മാറ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ